ഭരണഭാഷ-മാതൃഭാഷ

**<u>മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ, തിരുവനന്തപുരം</u>**

**<u>(ഹാജർ: Dr M C REJIL IAS)</u>**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ ഹാരിസ് കെ.എ (PEN: 627432) യ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു .**

| | |
|---|---|
| നമ്പർ - **AHD/86/2026-K4** | തീയതി:**30-01-2026** |

പരാമർശം: 1) സ ഉ (പി) നം.3/2017/ഉ ഭ പ വ. തീയതി 25/02/2017

2) സ ഉ (സാധാ) നം.676/2024/എ എച്ച് ഡി. തീയതി 11/12/2024

3) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11/04/2025, 29/04/2025 തീയതികളിലെ AHD/4213/2024 K4 നമ്പർ ഉത്തരവ്

4) ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 26-12-2025 തീയതിയിലെ DAHO/WYD/1328/2025-B1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ പരാമർശം (1) സർക്കാർ ഉത്തരവും വകുപ്പിലെ വിവിധ തസ്തികകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (2) സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് വകുപ്പിലെ അസിസ്റ്റൻ്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലെ ജീവനക്കാരുടെ 2024 വർഷത്തിലെ സംസ്ഥാനതല പൊതുസ്ഥലംമാറ്റം പരാമർശം (3) പ്രകാരം വകുപ്പ് നടപ്പിലാക്കിയിരുന്നു.

പരാമർശം (3) ലെ അന്തിമ പൊതുസ്ഥലംമാറ്റ ഉത്തരവിനോടൊപ്പം പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം "ക്യൂ" ലിസ്റ്റും പ്രസിദ്ധീകരിച്ചിരുന്നു. വയനാട് ജില്ലയിലെ പാടിച്ചിറ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്തു വരുന്ന ശ്രീ.ഹാരിസ് കെ.എ. (PEN: 627432) യുടെ സ്ഥലം മാറ്റ അപേക്ഷ പരാമർശം (4) പ്രകാരം വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ലഭ്യമാക്കിയിരിക്കുന്നു. വയനാട് ജില്ലയിലെ മാണ്ടാട് ഉപകേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേക്കാണ് ടിയാൻ

അപേക്ഷിച്ചിരിക്കുന്നത്. പരാമർശം (3) ലെ അന്തിമ പൊതുസ്ഥലംമാറ്റ ഉത്തരവിനോടൊപ്പം പ്രസിദ്ധീകരിക്കപ്പെട്ട ക്യൂ ലിസ്റ്റിൽ ക്രമ നമ്പർ 718 ആയി മാണ്ടാട് വെറ്ററിനറി ഉപകേന്ദ്രത്തിലെ ക്യൂ ലിസ്റ്റിൽ ശ്രീ ഹാരിസ് കെ.എ (PEN: 627432) ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മറ്റ് ജീവനക്കാർ ആരും തന്നെ ഓപ്ട് ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലെ പാടിച്ചിറ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്തു വരുന്ന ശ്രീ.ഹാരിസ് കെ.എ. (PEN: 627432) യെ മാണ്ടാട് വെറ്ററിനറി ഉപകേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.ഹാരിസ് കെ.എ. യെ വിടുതൽ ചെയ്യുന്നതിന്റെയും, സ്ഥലംമാറ്റുന്ന സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചതിന്റെയും വിവരങ്ങൾ യഥാസമയം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**Dr M C REJIL IAS**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

Digitally signed by
Dr M C Rejil
Date: 30-01-2026
17:35:10

സ്വീകർത്താവ്

1) ശ്രീ.ഹാരിസ് കെ.എ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ( നിയന്ത്രണാധികാരി മുഖേന)

2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ വയനാട് (തുടർനടപടികൾക്കായി)

3) സി എ - ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (അറിവിലേയ്ക്കായി)

4) ഐ.റ്റി ഓഫീസർ (വകുപ്പിൻ്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5) സ്റ്റോക്ക് ഫയൽ - കെ4 സീറ്റ്